## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3228 — 07/11/2019 ൽ മറുപടിക്ക്

## ഭൂമിയുടെ വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച്

**ചോദ്യം**
**ശ്രീ.കെ.എം.ഷാജി**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കവടിയാർ വില്ലേജിലെ ബ്ലോക്ക് 54 റീ സർവ്വെ നം. 22 ൽ പ്പെട്ട അജയാനന്ദകുമാർ എന്നയാളുടെ ഭൂമിയുടെ വിസ്തീർണ്ണ വ്യത്യാസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | കവടിയാർ വില്ലേജ്, ബ്ലോക്ക്-54, റീസർവ്വെ നം.22-ൽ പ്പെട്ട ഭൂമിയുടെ വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച് അജയാനന്ദകുമാർ സമർപ്പിച്ച അപേക്ഷയിൽ സർവ്വെയർ സ്ഥലപരിശോധന നടത്തുകയും ഹെഡ് സർവ്വെയർ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ടി അപേക്ഷ വസ്തുവിൽ റീസർവ്വെ പ്രകാരം 2.05 ആർ വസ്തു അപേക്ഷകന്റെ പേരിൽ കൊണ്ട് കിടക്കുന്നതും ബാക്കിയുള്ള 1.20 ആർ വസ്തു ബ്ലോക്ക് 54 റീസർവ്വെ 245-ൽ പ്പെട്ട പുറംമ്പോക്കിൽ ഉൾപ്പെട്ടുവരുന്ന സാഹചര്യത്തിൽ ടി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ 17/08/2019-ാം തീയതി കക്ഷിയെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഭൂമിയ്ക്ക് തിരുവനന്തപുരം താലൂക്ക് തഹസിൽദാർ ഓഫീസിൽ നിന്നും LA 11/1/91-ാം നമ്പർ പട്ടയ പ്രകാരം എത്ര സെന്റ് ഭൂമിയ്ക്കാണ് പട്ടയം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ; ഈ പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) യും (സി) യും | തിരുവനന്തപുരം തഹസിൽദാർ LA11/1/91-ാം നമ്പരായി നൽകിയ പട്ടയ ഫയൽ റിക്കോർഡ് വിഭാഗത്തിലും, എൽ.എ. സെക്ഷനിലും പരിശോധനയിൽ കണ്ടെത്താനായിട്ടില്ലാത്തതിനാൽ ടി പട്ടയ പകർപ്പും, പട്ടയ സ്കെച്ചും, പട്ടയം അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണവും ലഭ്യമല്ല. |
| (സി) | LA 11/1/91-ാം നമ്പർ പട്ടയം നൽകുന്നതിന് തയ്യാറാക്കിയ ഭൂമിയുടെ സ്കെച്ചിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | റീ സർവ്വെയിൽ ആധാരത്തിൽ പറഞ്ഞിരിക്കുന്ന ഭൂമിയിൽ നിന്നും 1.20 ആർ വസ്തുവിന്റെ കുറവ് ഉണ്ടായത് റീസർവ്വെയിലുണ്ടായ തെറ്റാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഡി) | പ്രസ്തുത ഭൂമിയുടെ റിക്കാർഡുകൾ പരിശോധിച്ചതിൽ റീസർവ്വെ പ്രകാരം കവടിയാർ വില്ലേജ് ബ്ലോക്ക് നം 54 ൽ സർവ്വെ നം. 22 ൽ പ്പെട്ട 2.05 ആർ സ്ഥലം (1) കൃഷ്ണൻ നായർ മകൻ അജയനന്ദകുമാർ രാജഗിരി, കവടിയാർ വില്ലേജ്, കുറവൻകോണം വാർഡ്, (2) അജയനന്ദകുമാർ ഭാര്യ ഗിരിജാ നന്ദകുമാർ രാജഗിരി കുറവൻകോണം കവടിയാർ എന്നീ വ്യക്തികളുടെ പേരിലാണ് ലാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തി റിക്കാർഡ് തയ്യാറാക്കിയിരിക്കുന്നത്. റീസർവ്വെയ്ക്ക് മുൻപ് 19048 നമ്പർ തണ്ടപ്പേരിൽ 2.02 ആർ സ്ഥലത്തിന് മാത്രമാണ് അവകാശിയായിരുന്നതെന്ന് രേഖകൾ പരിശോധിച്ചതിൽ കാണുന്നു. റീസർവ്വെ റിക്കാർഡുകൾ പരിശോധിച്ചതിൽ അപാകതകൾ ഒന്നും തന്നെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ